കേരള നിയമസഭാ നടപടികൾ

ആറാം കേരള നിയമസഭ

ഏഴാം സമ്മേളനം

1982 ഫെബ്രുവരി 1, തിങ്കൾ

വാല്യം LV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 1982 ഫെബ്രുവരി 1-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I പ്രസ്താവനകൾ

(i) മി. സ്പീക്കറുടെ പ്രസ്താവനയും രാജിയും

മിസ്റ്റർ സ്പീക്കർ : ബഹുമാന്യരായ നിയമസഭാംഗങ്ങളെ, ഈ സഭയുടെ അദ്ധ്യക്ഷ സ്ഥാനത്തുനിന്നും എന്നെ നീക്കം ചെയ്യാനുള്ള ഒരു ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രമേയം ചർച്ചചെയ്യാൻ സഭയുടെ അനുമതി അഭ്യർത്ഥന, പരിഗണിക്കൽ എന്നിവ ഇന്നത്തെ കാര്യപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ഒരു വിവാദത്തിനു ഇട നൽകാതെ ഈ സ്ഥാനത്തുനിന്നും വിട വാങ്ങാനുള്ള എന്റെ തീരുമാനം സഭയെ അറിയിക്കുകയാണ്.

സഭാദ്ധ്യക്ഷനായി എന്നെ ഏകകണ്ഠമായി തിരഞ്ഞെടുത്തപ്പോൾ ഉന്നതമായ ജനാധിപത്യ മൂല്യങ്ങൾ പുലർത്തുമെന്ന് സഭയ്ക്കു നൽകിയ വാഗ്ദാനം, പിന്നിട്ട രണ്ടു വർഷക്കാലം പരമാവധി പുലർത്താൻ എനിക്ക് കഴിഞ്ഞിട്ടുണ്ടെന്നുള്ള ആത്മസംതൃപ്തിയോടെയാണ് ഞാനീ സ്ഥാനത്തുനിന്നും വിടവാങ്ങുന്നത്. സഭാദ്ധ്യക്ഷനെന്ന നിലയിൽ നിഷ്പക്ഷമായ തീരുമാനങ്ങളെടുക്കാനും അവ നടപ്പാക്കാനും സാധിച്ചിട്ടുണ്ടെന്നാണ് എന്റെ ഉത്തമ വിശ്വാസം. സഭയുടെ എല്ലാ ഭാഗത്തുമുള്ള അംഗങ്ങളുമായി നല്ല വ്യക്തിബന്ധം പുലർത്താനും എനിക്കു സാധിച്ചിട്ടുണ്ട്.

ഈ കാലയളവിൽ സഭയുടെ എല്ലാ ഭാഗത്തുമുള്ള ബഹുമാനപ്പെട്ട അംഗങ്ങളും നിയമസഭാ സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥൻമാരും നിയമസഭയിലെ സെക്യൂരിറ്റി സ്റ്റാഫും സംസ്ഥാനത്തെ പത്രങ്ങളും എനിക്കു നൽകിയ നിർല്ലോഭമായ സഹകരണത്തിനും പ്രോൽസാഹനത്തിനും ഞാൻ അതീവ കൃതജ്ഞനാണ്.

സഭാദ്ധ്യക്ഷനെന്ന നിലയിൽ ഞാൻ കക്ഷി പരിഗണന വച്ചു പുലർത്തീ എന്നും ന്യായമായ തീരുമാനങ്ങൾ എടുത്തില്ലെന്നും നോട്ടീസിൽ ഉന്നയിച്ച ആക്ഷേപങ്ങൾ തികച്ചും വേദനാജനകം ആണ്. ഒരാക്ഷേപം, നായനാർ മന്ത്രിസഭ

LIBRARY ARCHIVES Kerala Legislative Assembly

യുടെ പതനത്തിനുശേഷം പ്രതിപക്ഷ നേതാവിന്റെ ആനുകൂല്യങ്ങളും അനുഭവിച്ചുകൊണ്ടിരുന്ന ശ്രീ. കരുണാകരന് ഞാൻ ഒരു കത്ത് എഴുതി എന്നതാണ്. ഞാൻ വിശ്വസിക്കുന്ന ജനാധിപത്യ സങ്കൽപ്പവും ഈ രാജ്യത്തെ ജനങ്ങളുടെ വിശ്വാസവും പരിഗണിച്ച് ജനാധിപത്യത്തിന്റെ ശ്രീകോവിൽ എന്ന് വിശേഷിപ്പിക്കപ്പെടുന്ന നിയമസഭയിൽ, ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളും വഹിക്കുന്നവരോട് ജനങ്ങൾക്കുണ്ടാകുന്ന മതിപ്പ് ഉയർത്തിപ്പിടിക്കേണ്ടതുള്ളതുകൊണ്ടാണ് ഞാൻ അപ്രകാരം ഒരു കത്തെഴുതിയത്. ഇന്ത്യയിൽ ഒരുപക്ഷേ ആദ്യമായി ഇത്തരം ഒരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്ത് സംജാതമായപ്പോൾ ആരോഗ്യപരമായ ജനാധിപത്യ പാരമ്പര്യങ്ങളും കീഴ്വഴക്കങ്ങളും സൃഷ്ടിക്കണമെന്ന അഭിലാഷത്തോടെയാണ് ഞാൻ അപ്രകാരം ഒരു നിലപാടു സ്വീകരിച്ചത്. എന്റെ അഭിപ്രായം പൂർണ്ണമായി നിഷേധിക്കാനാകാത്തതുകൊണ്ടാണല്ലോ ശ്രീ. കരുണാകരൻ അദ്ദേഹം അനുഭവിച്ചു വന്നിരുന്ന ആനുകൂല്യങ്ങളും ഉപേക്ഷിക്കാൻ നിശ്ചയിച്ചു എന്ന് എന്നെ രേഖാമൂലം അറിയിച്ചത്.

അവകാശലംഘനം എന്ന പ്രമേയത്തിൽ പക്ഷപാതപരമായ തീരുമാനങ്ങളും എടുത്തു എന്നതാണ് മറ്റൊരാക്ഷേപം. ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ അന്നത്തെ ബോർഡ് പുനഃസംഘടിപ്പിച്ചതിനെക്കുറിച്ചുള്ള ഒരു അവകാശലംഘന പ്രശ്നത്തിൻമേൽ ഞാൻ എടുത്ത തീർപ്പിനെപ്പറ്റി ചില പരാതികളും അന്നത്തെ പ്രതിപക്ഷ നേതാക്കളും എന്നെ അറിയിച്ചു. അത് പുനഃപരിശോധിക്കാൻ ഞാൻ തയ്യാറാണെന്ന് അവരെ അറിയിച്ചു. പ്രതിപക്ഷകക്ഷി നേതാക്കൻമാരിൽ ഒരു നിയമപണ്ഡിതൻകൂടി ആയ ശ്രീ. ചന്ദ്രശേഖരനും ഞാനുമായി കൂടുതൽ ചർച്ചനടത്തി പ്രശ്നം പുനഃപരിശോധിക്കാൻ നിശ്ചയിച്ചു. അദ്ദേഹത്തെ അതിനായി നിയോഗിച്ചു. ശ്രീ. ചന്ദ്രശേഖരൻ പ്രശ്നം വളരെ വിശദമായി പരിശോധിക്കുകയും എന്റെ തീരുമാനം നിയമപരമായി പൂർണ്ണമായും ശരിയാണെന്ന് എന്നെയും പ്രതിപക്ഷ നേതാക്കളെയും നോട്ടീസ് നൽകിയ അംഗത്തേയും അറിയിച്ച കാര്യം ഈ തരുണത്തിൽ ഞാൻ അനുസ്മരിക്കുന്നു. അവകാശലംഘന പ്രമേയത്തെക്കുറിച്ച് മറ്റൊരു ആക്ഷേപവും ആരുംതന്നെ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.

ചില അംഗങ്ങൾ അവരുടെ പ്രസംഗമദ്ധ്യേ സഭയുടെ അന്തസ്സിനു നിരക്കാത്ത ചില പദപ്രയോഗങ്ങൾ നടത്തിയത് സഭാ നടപടികളിൽനിന്നു നീക്കം ചെയ്യാൻ ഞാൻ ശ്രമിച്ചിട്ടില്ല എന്നുമാണ് മറ്റൊരാക്ഷേപം. ഇതും തികച്ചും അടിസ്ഥാനരഹിതമാണ്. ആക്ഷേപകരമായ എന്തെങ്കിലും പദപ്രയോഗങ്ങൾ സഭാനടപടികളിൽ വന്നിട്ടുണ്ടെങ്കിൽ വളരെ നിഷ്കർഷമായി അവയെല്ലാം പരിശോധിച്ചു നീക്കംചെയ്യാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ഒരുപക്ഷേ നമ്മുടെ സഭയുടെ ചരിത്രത്തിൽ ഏറ്റവുമധികം ഇതുപോലുള്ള പദപ്രയോഗങ്ങൾ നീക്കംചെയ്തത് ഈ കാലയളവിൽ ആയിരുന്നു എന്നത് സഭാനടപടികളുടെ രേഖകൾ പരിശോധിക്കുന്ന ഏതൊരംഗത്തിനും ബോദ്ധ്യമാകും.

ചോദ്യോത്തരവേളയിൽ ഉപചോദ്യങ്ങൾക്കു വേണ്ടത്ര അവസരം വിശേഷിച്ചും അന്നത്തെ പ്രതിപക്ഷത്തിനു നൽകിയിട്ടില്ല എന്നതാണ് ഇനിയുമൊരാക്ഷേപം. സഭയിലെ വിവിധ കക്ഷികളുടെ അംഗനില താരതമ്യപ്പെടുത്തിയാൽ ലഭിക്കുന്നതിനേക്കാൾ കൂടുതൽ അവസരം പ്രതിപക്ഷത്തിനു നൽകാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. നിയമസഭാരേഖകൾ വെളിവാക്കുന്ന മറ്റൊരു യാഥാർത്ഥ്യമാണിത്. ചില മന്ത്രിമാർക്ക് വിശേഷിച്ചും സി. പി. എം. മന്ത്രിമാർക്ക്, കൂടുതൽ സമയം അനുവദിച്ചു എന്ന ആക്ഷേപം തികച്ചും നിർഭാഗ്യകരമായിപ്പോയി. വളരെ കർക്കശമായി സമയനിഷ്ട പാലിക്കാൻ ശ്രമിച്ചിട്ടുള്ളതാണ് എന്റെ പാരമ്പര്യം. കൂടുതൽ സമയമെടുക്കാൻ എല്ലാഭാഗത്തുനിന്നും ശ്രമിക്കാറുണ്ട്. അതിൽ ഭരണകക്ഷിയും പ്രതിപക്ഷവും

LIBRARY ARCHIVES Kerala Legislative Assembly

തമ്മിൽ വലിയ അന്തരമൊന്നും കണ്ടിട്ടില്ല. ചില സന്ദർഭങ്ങളിൽ അനുവദിച്ച സമയത്തിന്റെ ഇരട്ടിയോളം സമയം എടുത്ത പ്രതിപക്ഷ അംഗങ്ങൾ ധാരാളം ഉണ്ട്. ഇതിലൊന്നും കക്ഷി പരിഗണന ഞാൻ നോക്കിയിട്ടില്ല, എന്റെ നിയോജക മണ്ഡലത്തിലെ ഒരു മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ അന്നത്തെ ഭരണമുന്നണിക്കുവേണ്ടി ഞാൻ സ്വാധീനം ചെലുത്തി എന്നതാണ് മറ്റൊരു ആക്ഷേപം. ഇതും അടിസ്ഥാന രഹിതമാണെന്നു പറയുന്നതോടൊപ്പംതന്നെ ഒന്നര വർഷം മുമ്പുനടന്ന തെരഞ്ഞെടുപ്പിൽ ഇടപെട്ടു എന്ന ആക്ഷേപം ഇപ്പോൾ ഉയർത്തിക്കൊണ്ടുവരുന്നത് വളരെ ഖേദകരമാണ്. നമ്മുടെ ജനാധിപത്യ പാരമ്പര്യങ്ങളുടെ അടിസ്ഥാനശില പ്രബലപ്പെടുത്താൻ പരമാവധി ശ്രമിച്ചു എന്ന് ഒരിക്കൽകൂടി വ്യക്തമാക്കിക്കൊള്ളട്ടെ. എല്ലാവർക്കും എന്റെ ഹൃദയംഗമായ നന്ദി.

(മി. സ്പീക്കർ, ഡെ. സ്പീക്കറെ അദ്ധ്യക്ഷവേദിയിലേക്ക് ക്ഷണിക്കുകയും, സ്പീക്കറുടെ രാജിക്കത്ത് ഡപ്യൂട്ടി സ്പീക്കറെ ഏൽപ്പിക്കുകയും ചെയ്തു. അതിനുശേഷം അദ്ദേഹം ഡയസിൽനിന്നിറങ്ങി പ്രതിപക്ഷ ബെഞ്ചിൽ ചെന്നിരുന്നു.)

(ii) മി. ഡപ്യൂട്ടി സ്പീക്കറുടെ പ്രസ്താവന

മി. ഡെ. സ്പീക്കർ : ഓർഡർ, ഓർഡർ ബഹുമാന്യരായ അംഗങ്ങളെ, എനിക്കെതിരായും ഒരു അവിശ്വാസ പ്രമേയത്തിന് നോട്ടീസ് നൽകിയിരിക്കുകയാണ്. നോട്ടീസിലെ പരാമർശങ്ങളും തികച്ചും രാഷ്ട്രീയ പ്രേരിതവും അടിസ്ഥാനരഹിതവുമാണ്. മാറിയ രാഷ്ട്രീയ സാഹചര്യങ്ങളും കക്ഷി ബന്ധങ്ങളുമാണ് ഇതിനു പ്രേരകമായ ഘടകം.

നിയമസഭയുടെ അദ്ധ്യക്ഷ സ്ഥാനത്തിരുന്ന ഒരവസരത്തിലും കക്ഷിരാഷ്ട്രീയത്തിനു വിധേയമായോ പക്ഷപാതപരമായോ ഞാൻ പെരുമാറിയിട്ടില്ല. ഡപ്യൂട്ടി സ്പീക്കർ കക്ഷിരാഷ്ട്രീയത്തിനതീതമായിരിക്കണമെന്ന് നിയമസഭാ ചട്ടങ്ങളോ കീഴ്വഴക്കങ്ങളോ ഒന്നും അനുശാസിക്കുന്നില്ലെങ്കിൽപോലും സഭാനടപടികൾ നിയന്ത്രിക്കുന്ന ഘട്ടങ്ങളിലും സഭയിലും നിയമസഭയുടെ അന്തസ്സ് ഉയർത്തിപിടിക്കാനും വ്യക്തിപരിഗണനയോ കക്ഷിപരിഗണനയോ കൂടാതെ നിഷ്പക്ഷമായും നീതിപൂർവ്വമായും ഡപ്യൂട്ടി സ്പീക്കർ എന്ന നിലയിലുള്ള ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടെന്നാണ് എന്റെ പൂർണ്ണമായ വിശ്വാസം. സഭയുടെ എല്ലാഭാഗത്തുനിന്നും അതിനു സഹായകമായ പിന്തുണ ലഭിച്ചിട്ടുണ്ടെന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. അതിനു ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളോടും എനിക്ക് നന്ദിയുണ്ട്. ഡപ്യൂട്ടി സ്പീക്കർ എന്ന നിലയിലുള്ള എന്റെ പ്രവർത്തനം ചോദ്യം ചെയ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ സഭയുടെ മാന്യതയും ജനാധിപത്യത്തിന്റെ അന്തസത്തയും ഉയർത്തിപിടിക്കാൻ തൽസ്ഥാനം ഞാൻ രാജിവയ്ക്കാൻ നിശ്ചയിച്ചിരിക്കുകയാണ്. ഇന്നുതന്നെ രാജി സമർപ്പിക്കുന്നതുമാണ്.

സ്പീക്കറുടേയും ഡെ. സ്പീക്കറുടേയും ഒഴിവുമൂലം സഭാനടപടികൾക്ക് വിഘ്നം നേരിടാതിരിക്കാൻ മറ്റു ബദൽ ഏർപ്പാടുകൾ ഉണ്ടാക്കുന്നതിനായി സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-നു വീണ്ടും സമ്മേളിക്കുന്നതുമാണ്. എല്ലാ അംഗങ്ങൾക്കും പത്ര പ്രവർത്തകർക്കും മറ്റു സ്റ്റാഫ് അംഗങ്ങൾക്കും ഞാൻ ഒരിക്കൽകൂടി നന്ദി പ്രകാശിപ്പിക്കുന്നു.

1981 ഫെബ്രുവരി 2-ാം തീയതി 8.30-ന് വീണ്ടും കൂടുന്നതിലേക്കായി സഭ 8.38-ന് പിരിഞ്ഞു.

———

LIBRARY ARCHIVES Renaissance Legislative Assembly